**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1415** **30-08-2022 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂൾ അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് സ്കൂൾ അധ്യാപക നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് മേലടി, പേരാമ്പ്ര എ. ഇ. ഓഫീസുകളിലും വടകര, താമരശ്ശേരി ഡി. ഇ. ഓഫീസുകളിലും എത്ര അപേക്ഷകൾ നിലവിലുണ്ടെന്നും എത്ര കാലമായുള്ള അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും വിശദമാക്കാമോ; | (എ) | എയ്ഡഡ് സ്കൂൾ അധ്യാപക നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് മേലടി, പേരാമ്പ്ര എ.ഇ ഓഫീസുകളിലും വടകര, താമരശ്ശേരി ഡി.ഇ ഓഫീസുകളിലും നിലവിലുള്ള അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1. മേലടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് - 2021-22-ലെ 7 അപേക്ഷകളും 2022-23-ലെ 84 അപേക്ഷകളും ഉൾപ്പെടെ ആകെ 91 അപേക്ഷകൾ<br><br>2. പേരാമ്പ്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് - 96 (01-01-2021 മുതലുള്ള അപേക്ഷകൾ)<br><br>3. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസ് - 143 (2019 മുതലുള്ള അപേക്ഷകൾ)<br><br>4. താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസ് - 90 (2017 മുതലുള്ള അപേക്ഷകൾ) |
| (ബി) | പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ; | (ബി) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി സ്റ്റേ നിലനിന്നിരുന്നതിനാലാണ് 2021-22-ലെ (15-07-21 മുതലുള്ളത്) ശേഷിക്കുന്ന നിയമനങ്ങൾ തീർപ്പ് കൽപ്പിക്കാതിരുന്നത്. 2022-23 വർഷം നടത്തിയ നിയമനങ്ങൾ അംഗീകരിക്കാതെ ശേഷിക്കുന്നത് പ്രസ്തുത വർഷത്തെ തസ്തിക നിർണ്ണയം പൂർത്തീകരിക്കാത്തതിനാലും ഭിന്നശേഷി സംവരണം സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുന്നതിനാലുമായിരുന്നു.<br><br>ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നമ്പർ 19808/21-ന്മേൽ 10-08-2022-ന് വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടി അപേക്ഷകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | വടകര റോട്ടറി സ്കൂൾ ഫോർ ദി ഹിയറിംഗ് ഇംപയേർഡിലെ അധ്യാപിക ശ്രുതി ഭാസ്കറുടെ നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | നിലവിലുണ്ടായിരുന്ന അധ്യാപിക, പി. എസ്. സി. നിയമനം ലഭിച്ച് പോയതിനെ തുടർന്നുണ്ടായ ഒഴിവിലേക്ക് മാനേജർ നിയമിച്ച ശ്രുതിഭാസ്കറിന് നിയമന അംഗീകാരം ലഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | റോട്ടറി സ്കൂൾ ഫോർ ഹിയറിംഗ് ഇമ്പയേർഡ് സ്പെഷ്യൽ സ്കൂളാണ്. കൂടാതെ പ്രസ്തുത സ്കൂൾ പുതുതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽ പ്പെടുന്നു. ജി. ഒ (എം.എസ്) നം. 284/15/പൊ.വി.വ തീയതി 09-11-15 പ്രകാരമാണ് വടകര റോട്ടറി സ്കൂളിൽ പുതുതായി 2016-17 വർഷം മുതൽ തസ്തികകൾ അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ പുതുതായി സൃഷ്ടിക്കുന്ന തസ്തികകളിൽ ഈ സ്കൂളിൽ നിലവിൽ തുടരുന്ന യോഗ്യതയുള്ള അധ്യാപകരെ നിലനിർത്തിയതിന് ശേഷം വരുന്ന ഒഴിവുകളിൽ സംരക്ഷിതാധ്യാപകരെ മാത്രമേ നിയമിക്കാവൂ എന്ന നിബന്ധനയുണ്ട്. ശ്രീമതി.ശ്രുതില എസ് പ്രസ്തുത വിദ്യാലയത്തിൽ നേരത്തെ തുടർന്നു വന്ന യോഗ്യതയുള്ള അധ്യാപികയായതിനാൽ നിയമനാംഗീകാരം ലഭിക്കുകയും തുടർന്ന് ടിയാരി 06-06-19-ന് രാജിവെച്ച ഒഴിവിൽ ആണ് മാനേജർ ശ്രീമതി. ശ്രുതി ഭാസ്കറിനെ 06-06-19 മുതൽ സഹാദ്ധ്യാപികയായി പുതുതായി നിയമിച്ചിട്ടുള്ളത്. ജി. ഒ (എം.എസ്) നം. 284/15/പൊ.വി.വ, തീയ്യതി 09-11-2015 പ്രകാരം 06-06-2019-ന് പുതുതായി ഉണ്ടാകുന്ന ഒഴിവിൽ സംരക്ഷിതാദ്ധ്യാപക നെയാണ് നിയമിക്കേണ്ടത്. ഇവിടെ ശ്രീമതി ശ്രുതില.എസ് രാജി വച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ പുതുതായി നിയമനം നടത്തിയ മാനേജരുടെ നടപടി മേൽ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിരുദ്ധമായതിനാലാണ് വടകര റോട്ടറി സ്കൂൾ ഫോർ ഹിയറിംഗ് ഇംപയേർഡിലെ സഹാ ധ്യാപികയായ ശ്രീമതി.ശ്രുതി ഭാസ്കറുടെ നിയമനവുമായി ബന്ധ പ്പെട്ട് സമർപ്പിച്ച അപ്പീൽ ജില്ലാ വിദ്യാ ഭ്യാസ ഓഫീസറുടെ 19/04/2022 തീയതിയിലെ ബി1/28808/21 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ച് നൽകി യിരുന്നത്. ശ്രീമതി ശ്രുതി ഭാസ്കർ സർക്കാരിൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ